ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെൻറ്

*വ്യ. (൩) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ സാർജൻറ് എന്നൊരു ഉദ്യോഗസ്ഥൻ ഉണ്ടോ; ഉണ്ടെങ്കിൽ—

(൧) ഇപ്പോഴത്തെ സാർജൻറ് ആര്;

(൨) അദ്ദേഹത്തെ എന്ന നിയമിച്ചു;

(൩) അദ്ദേഹത്തിൻറെ ശമ്പളം എത്ര;

(൪) അദ്ദേഹത്തിൻറെ പരീക്ഷായോഗ്യതകളും വിശേഷാൽ യോഗ്യതകളും എന്തെല്ലാം;

(൫) അദ്ദേഹത്തിൻറെ ജോലികളും എന്തെല്ലാം; എവിടെ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): ഉണ്ട്.

(൧) ശ്രീ. ജി. ഗോപാലപിള്ള.

(൨) ൧—൩—൨൪—ൽ.

(൩) പ്രതിമാസം വ ൦ രൂപാ ശമ്പളം.

(൪) അദ്ദേഹത്തിന് പ്രത്യേക പരീക്ഷായോഗ്യതകളൊന്നുമില്ല. ഐ. എൻ. ഒ. യിൽ മെക്കാനിക്കൽ ട്രാൻസ്പോർട്ട് സ്ഥാപനത്തിലും സിംഗപ്പൂരിൽ വേറൊരു ട്രാൻസ്പോർട്ട് സ്ഥാപനത്തിലും ജോലി ചെയ്തിരുന്നു.

(൫) തിരുവനന്തപുരം മുതലായ സ്ഥലങ്ങളിലുള്ള ട്രാൻസ്പോർട്ട് ഗ്യാരേജ് സൂക്ഷിക്കുന്നതിനും മറ്റും സാർജൻറായി നിയമിച്ചിരിക്കുകയാണ്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി. പ്രത്യേകം പരീക്ഷായോഗ്യതകളും ഇല്ലാത്ത ഒരാളെ അവിടെ ജോലിചെയ്യുന്ന ആളുകൾക്ക് മുകളിൽ നിയമിക്കുന്നത് അവരുടെ സീനിയാറിറ്റിയെ അവഗണിക്കുകയായിരിക്കുകയില്ലേ?

ശ്രീ. സി. കേശവൻ: ഇല്ല.

Sri. P. Balakrishnan Tampi: Sir, when even literacy is not prescribed as a qualification for the membership of the Legislature, should any educational qualification be prescribed for the place of Sergeantship in the Transport Department?

Mr. Speaker: That question is disallowed.

Sri. A. Chidambaranatha Nadar: Was this sergeant working as a clerk under Sri. T. M. Varghese when he was practising as a lawyer at Quilon?

Sri. C. Kesavan: I do not know.

Sri. P. S. Nataraja Pillai: May I know the age at which he was recruited to the service?

Sri. C. Kesavan: I want notice.

സൈറ സർവ്വീസ്

*വ ൫. (൭) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ?

സ്റ്റേറ്റ് ട്രാൻസ്പോർട്ട് സർവ്വീസുള്ള ഏതെല്ലാം ലൈനുകളിൽ പ്രൈവറ്റ കമ്പനികളും സൈറ സർവ്വീസ് നടത്തുന്നു എന്നു പറയുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

തിരുവനന്തപുരം നഗരത്തിലെ റോഡുകളിൽ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: മറ്റുള്ള സ്ഥലങ്ങളിൽ ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ആവശ്യപ്പെട്ടിട്ടില്ല. ആവശ്യപ്പെട്ടാൽ അതും കൺസിഡർ ചെയ്യുന്നതാണ്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: നൈറ്റ് സർവ്വീസ് എന്നു പറയുന്നത് സിനിമാസർവ്വീസാണോ?

ശ്രീ. സി. കേശവൻ: അതെ.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഡിപ്പാർട്ട്മെൻറിൽ ബസ്സുകൾ ഓടുന്നിടത്തു പ്രൈവറ്റ് ബസ്സുകൾ ഓടുന്നതിനനുവദിക്കാറുണ്ടോ?

ശ്രീ. സി. കേശവൻ: ഡിപ്പാർട്ട്മെൻറൽ സർവ്വീസ് രാത്രി ഒമ്പതരമണിയോടുകൂടി തീരും. ഈ സിനിമാസർവ്വിസ്സ് തുടങ്ങുന്നതു് അതിനു ശേഷമാണ്. അതിനനുവദിച്ചിട്ടുണ്ട്.

Sri. P. Balakrishnan Tampi: Is not the statement that the lines were specially granted to favour some an insinuation?

Mr. Speaker: That does not arise.

Sri. K. Sivarama Pillai: Has the Government any idea of extending this to other centres also?

Sri. C. Kesavan: When there is such a necessity it will be considered.

ശ്രീ. കെ. രാമചന്ദ്രൻ: ഈ സർവ്വീസ് ഇപ്പോൾ നിറുത്തിവെച്ചിരിക്കുകയാണെന്നറിയാമോ?

ശ്രീ. സി. കേശവൻ: അറിഞ്ഞുകൂടാ.

സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെൻറിൽ ആകെ വാങ്ങിയിട്ടുള്ള വണ്ടികൾ

*൧൫൬. (൨) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെൻറിലേക്ക് ആകെ വാങ്ങിയിട്ടുള്ള വണ്ടികൾ എത്ര;

(ബി) ഇപ്പോൾ എത്ര വണ്ടികൾ സർവ്വീസ് നടത്തുന്നുണ്ടെന്നു പറയുമോ;

(സി) എത്ര വണ്ടികൾ ഉപയോഗശൂന്യങ്ങളായി കിടപ്പുണ്ടെന്നു പറയുമോ;

(ഡി) എത്ര വണ്ടികൾ വിറ്റിട്ടുണ്ടെന്നു പറയുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) വ്യത്യസ്ത വാഹനങ്ങൾ. അതായതു് ൩൫ ബസ്സുകളും ൧൨ ലോറികളും.

(ബി) ൨൩ വണ്ടികൾ സർവ്വീസ് നടത്തുന്നുണ്ട്.

(സി) ൧൨ വാഹനങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്നുണ്ട്.

(ഡി) ൯ വണ്ടികൾ വിറ്റിട്ടുണ്ട്.

Sri. N. Daniel Jose: May I know the different makes of buses which have been ordered by the State?

LIBRARY ARCHIVES Kerala Legislative Assembly